o/c

Web : www.keralapcb.org
Telephone/Fax : 0477-2235384

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ജില്ലാ ഓഫീസ്, ആലപ്പുഴ
KERALA STATE POLLUTION CONTROL BOARD
DISTRICT OFFICE, ALAPPUZHA

തോണ്ടൻകുളങ്ങര, തത്തംപള്ളി പി.ഒ., ആലപ്പുഴ - 688 013, Thondankulangara, THATHAMPALLY P.O., ALAPPUZHA - 688 013

In reply please refer to:പിസിബി/എഎൽപി/സിജി-404/18 22.12.2018

CO No.10

Kerala State Pollution Control Board
DISTRICT OFFICE, ALAPPUZHA
DESPATCHED ON 24/12/18

(രജിസ്റ്റേർഡ് എ/ഡി)

സൂചന:
1) 31.07.2018 ൽ ലഭിച്ച പരാതി.
2) 04.08.2018, 16.11.2018 എന്നീ തീയതികളിൽ നടത്തിയ പരിശോധന.
3) 18.08.2018 ലെ ഇതേ നമ്പർ നോട്ടീസ്.
4) 21.11.2018 ലെ ഇതേ നമ്പർ അടച്ചുപൂട്ടാനുദ്ദേശിച്ചുകൊണ്ടുള്ള നോട്ടീസ്.
5) 18.12.2018 ൽ സ്വീകരിച്ച HRMP No.10531/18/ALP.
6) 20.12.2018 ൽ നടത്തിയ പരിശോധന.

# യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെയ്പ്പിക്കാനുള്ള ഉത്തരവ്

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ താങ്കളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന പന്നി ഫാം ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നതാണ്;

ടി സ്ഥാപനത്തിന് ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1974, വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981, പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പ്രവർത്തിക്കുവാൻ ബാധ്യതയുള്ളതാണ്;

ടി സ്ഥാപനത്തിൽ സൂചന (1) ന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം പരിശോധന നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം നിർദ്ദേശങ്ങളടങ്ങിയ കത്ത് നൽകിയിട്ടുള്ളതാണ്;

Scanned by CamScanner

എന്നാൽ ബോർഡിൽ നിന്നും നിർദ്ദേശിച്ചതിന് വിരുദ്ധമായും ദൂരപരിധി മാനദണ്ഡം പാലിക്കാതെയും മതിയായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താതെയും ബോർഡിന്റെ അനുമതിപത്രം കരസ്ഥമാക്കാതെയും യൂണിറ്റ് പ്രവർത്തനം തുടരുന്നത് ആയതിനാൽ സൂചന (4) പ്രകാരം അടച്ചുപൂട്ടാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് അയച്ചിരുന്നതാണ്.

എന്നാൽ നാളിതുവരെ മേൽ കത്ത്/നോട്ടീസുകൾക്ക് യാതൊരു മറുപടി ലഭിക്കാത്തതിനാലും, സൂചന (6) പ്രകാരം നടത്തിയ പരിശോധനയിൽ മുൻപ് നിലനിന്നിരുന്ന സാഹചര്യങ്ങൾക്ക് ഒരു മാറ്റവും വരുത്താത്തതിനാലും, യൂണിറ്റിനെതിരെ ഇപ്പോളും പരാതി നിലനിൽക്കുന്നതിനാലും വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981 സെക്ഷൻ 31(A) പ്രകാരം താങ്കളുടെ യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെയ്ക്കുന്നതിന് ബോർഡ് ഉത്തരവാകുന്നു.

2018 ഡിസംബർ മാസം 22-ാം തീയതി പുറപ്പെടുവിക്കുന്നത്

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു വേണ്ടി

എൻവയോൺമെന്റൽ എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.ജോസഫ് ആന്റണി,
നെടുമ്പറമ്പിൽ, പച്ച, ചെക്കിടിക്കാട് പി.ഒ.,
എടത്വാ, ആലപ്പുഴ.

പകർപ്പ്: സെക്രട്ടറി,
എടത്വാ ഗ്രാമപഞ്ചായത്ത്.
(വേണ്ട തുടർനടപടികൾ സ്വീകരിക്കുക)

Scanned by CamScanner